**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **04-02-2026 - ൽ മറുപടിയ്ക്ക്**

**കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (എ) | കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1. കൊല്ലം ഹോക്കി സ്റ്റേഡിയം**<br><br>കൊല്ലം ഹോക്കി സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്കായി 39.92 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച് 08.04.2023 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**2. കൊല്ലം ജില്ലാ സ്പോർട്സ് അക്കാദി ഹോസ്റ്റലിന്റെ നിർമ്മാണം**<br><br>കൊല്ലം ജില്ലാ സ്പോർട്സ് അക്കാഡമി ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്ക് 2.50 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 28.02.2024 തീയതിയിൽ 2,35,20,000./- രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സരസ്വതി കൺസ് ട്രക്ഷൻസ്, തിരുവനന്തപുരം എന്ന സ്ഥാപനമാണ് 2.16 കോടി രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.<br><br>34 പേർക്കുള്ള താമസ സൗകര്യവും, ഓഫീസ് റൂം, വാർഡൻ റൂം, ഡൈനിംഗ് ഏരിയ, കിച്ചൺ, ഫ്രീസർ റൂം, സ്റ്റോർ റൂം, ഇൻറർലോക്ക് ബ്ലോക്ക് ലേയിംഗ്, ടോയ്ലറ്റ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 35% പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിയുടെ സാന്റ് പൈൽ, കോക്കനട്ട് പൈൽ, ഫൂട്ടിംഗ്, പ്ലിന്ത് |

| | | | |
|---|---|---|---|
| | | | ബീം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബിൽഡിംഗിന്റെ സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 31.05.2026 വരെയാണ്. |

സെക്ഷൻ ഓഫീസർ